# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

**VOL. XLVIII** **September 2018** **No. 09**


| | **ARTICLES** | **Page** |
|---|---|---|
| മോഹനകുമാരൻ നായർ | അതിഥികളെ കാത്തിരിക്കുന്നവർ അറിയേണ്ടത് [കലാകൗമുദി, 30 സെപ്തംബർ 2018] | 1-9 |
| സാബു ജോസ് | ദിനാചരണങ്ങളല്ല, നിലപാടുകളാണ് പ്രധാനം [ദേശാഭിമാനി വാരിക, 23 സെപ്തംബർ 2018] | 10-23 |
| Pravin Srivastava | Diamensions of the Indian Labour Market [Yojana, September 2018] | 24-30 |
| Himanshu Thakkar | Role of Dams in Kerala's Flood Disaster [Economic & Political Weekly, 22 September 2018] | 31-39 |
| | **BOOK REVIEW** | |
| M.S.Sriram | "A World of Three Zeros : The New Economics of Zero Poverty, Zero Unemployment and Zero Net Carbon Emissions" Written by Muhammad Yunus [ IIC Quarterly, Summer 2018] | 40-43 |
| | **LEGISLATIVE BUSINESS** | |
| | Resume of Business-Fifteenth Session of the Sixteenth Lok Sabha | 44-55 |

FOCUS



# അതിഥികളെ കാത്തിരിക്കുന്നവർ അറിയേണ്ടത്

**മോഹനകുമാരൻ നായർ**

വിനോദ സഞ്ചാര മേഖല അഥവാ ടൂറിസം ഇന്ന് കേരളത്തിൽ വളരെ പ്രധാനപ്പെട്ട വ്യവസായമായി വളർന്ന്കൊണ്ടിരിക്കുകയാണ്. സർക്കാർ തലത്തിലും അല്ലാതെയും വേണ്ട പരിഗണന കിട്ടുന്നുമുണ്ട്. പ്രത്യേക വകുപ്പ് മന്ത്രി, പ്രത്യേക ഐ.എ.എസ് ഉദ്യോഗസ്ഥരടങ്ങുന്ന വകുപ്പ്, ഭരണ സംവിധാനങ്ങൾ എല്ലാമുണ്ട്. ഇതിനെല്ലാം പുറമേ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കില്ലാത്തതും എന്നാൽ ടൂറിസം മേഖലകൾക്ക് അത്യന്താപേക്ഷിതവുമായ പ്രകൃതിരമണീയവും സുന്ദരവും മനോഹരവുമായ ചെറിയ ബീച്ചുകൾ, കായലുകൾ, മലനിരകൾ എന്നിവക്കു പുറമേ അനുയോജ്യമായ കാലാവസ്ഥയും. പിന്നെ നമുക്ക് മാത്രം അവകാശപ്പെട്ട ആയുർവേദവും ഹെൽത്ത് ടൂറിസത്തിനു പറ്റിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും. മേന്മകൾ തീരുന്നില്ല. പരിമിതമായ യാത്രാസമയം കൊണ്ട് ഒരു ചെറിയ ടൂറിസ്റ്റ് പാക്കേജ്കൊണ്ട്, ബീച്ച്, ബാക്ക് വാട്ടർ, ഹിൽസ്റ്റേഷൻ ഇവ മൂന്നും കണ്ട് സഞ്ചാരികൾക്ക് മടങ്ങാനാകും. ഇതെല്ലാം കേരളത്തിന്റെ ഭൂമി ശാസ്ത്രഘടനയുടെ സൗഭാഗ്യമാണ്. ഇതിനെല്ലാം പുറമേയാണ് സാക്ഷരതയുടെ കാര്യത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു സമൂഹവും. ടൂറിസത്തിന്റെ വളർച്ചയ്ക്ക് അതുൾക്കൊള്ളുന്ന സമൂഹത്തിന്റെ ഘടന വളരെ പ്രധാനപ്പെട്ടതാണല്ലോ.

പക്ഷേ ഇതെല്ലാം ഉണ്ടായിട്ടും, എന്തുകൊണ്ടാണ് കേരളം ടൂറിസത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി നോക്കുമ്പോൾ പിന്നിലായിരിക്കുന്നത്. പ്രഥമസ്ഥാനത്തോ, നമുക്കവകാശപ്പെടാനുള്ളത്ര മേന്മകളൊന്നുമില്ലാത്ത നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാടും. 2016 ലെ കണക്കുകൾ പ്രകാരം തമിഴ്നാട്ടിൽ സ്വദേശികളായ 34.38 കോടി ടൂറിസ്റ്റുകളും 47 ലക്ഷത്തിൽ കൂടുതൽ വിദേശികളും സന്ദർശിച്ചിട്ടുണ്ടത്രേ. എന്നാൽ കേരളത്തിൽ സ്വദേശികളായ 1.31 കോടി വിനോദസഞ്ചാരികളും 10 ലക്ഷത്തിൽ കൂടുതൽ വിദേശികളായ വിനോദസഞ്ചാരികളുമാണ് എത്തിയിട്ടുണ്ടായിരുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് ? നമ്മുടെ മുമ്പിൽ നിൽക്കുന്ന മറ്റ് സംസ്ഥാനങ്ങൾക്ക് അതുണ്ട്



ഇതുണ്ട്, നമുക്കതില്ല, ഇതില്ല എന്ന് ഒഴിവുകഴിവുകൾ പറഞ്ഞൊഴിയുന്നതിനു പകരം നമുക്കെന്തൊക്കെയാണ് വേണ്ടത്, എന്തൊക്കെ ചെയ്യാനാകും എന്ന് ഈ അന്താരാഷ്ട്ര ടൂറിസം ദിനത്തിൽ പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

**സെൻസിറ്റീവ് മേഖല**

ഏറ്റവും പ്രധാനമായി നാം അറിഞ്ഞിരിക്കേണ്ടതും ചിന്തിക്കേണ്ടതുമായ കാര്യം വിനോദസഞ്ചാരമേഖല വളരെ സെൻസിറ്റീവാണ് എന്നതാണ്. ചെറിയ സാമൂഹിക ചലനങ്ങൾ പോലും വിനോദസഞ്ചാരമേഖലയെ വളരെയധികം ബാധിക്കും. പ്രത്യേകിച്ചും ഇൻഫർമേഷൻ ടെക്നോളജി അനുദിനം വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ വിവരങ്ങൾ അതിവേഗം പടരും. വളരെ ചെറിയ സാമൂഹിക താളപ്പിഴകൾ പോലും ഞൊടിയിട കൊണ്ട് ലോകശ്രദ്ധയാകർഷിക്കും. സാധാരണയായി, ടൂറിസ്റ്റുകൾ യാത്ര പ്ലാൻ ചെയ്യുന്നതിനു മുമ്പ് ഇത്തരം വിവരങ്ങളെ പൂർണ്ണമായും ആശ്രയിക്കാറുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലെ സംഭവ വികാസങ്ങളെ വളരെ പോസിറ്റീവായിട്ടു വേണം പുറം നാടുകളിലെത്തിക്കേണ്ടത്. ഉദാഹരണത്തിന്, നിപ്പ രോഗലക്ഷണങ്ങൾ കണ്ടത് കോഴിക്കോട്ട് മാത്രമാണ്. അത് കോഴിക്കോട്ട് തന്നെ അവസാനിക്കുകയും ചെയ്തു. തിരുവനന്തപുരത്തുനിന്നും കോഴിക്കോട്ടേക്ക് 400 കിലോമീറ്റർ ദൂരമുണ്ട്.

കോവളത്തുമാത്രമായി ഏതാണ്ട് 1000 ൽ അധികം കൂടുതൽ റൂം നൈറ്റ്, സ്ഥിരീകരിച്ച ബുക്കിംഗുകൾ പല ഹോട്ടലുകളിലായി ക്യാൻസൽ ചെയ്യപ്പെട്ടു. സ്ഥീരീകരിച്ച് അഡ്വാൻസ് തന്ന കോൺഫറൻസുകൾ ഉൾപ്പെടെയായിരുന്നു ക്യാൻസൽ ചെയ്തത്. പുറം ലോകമറിഞ്ഞത് കേരളം മുഴുവൻ നിപ്പ രോഗം പടർന്നിരിക്കുന്നു എന്നാണ്.

കേരളത്തിലെ സീസണായാൽ വിദേശികളെക്കാൾ സ്വദേശികളായ ടൂറിസ്റ്റുകളാണ് കൂടുതൽ എന്നു കാണാം. മഹാരാഷ്ട്ര, ഗുജറാത്ത്, ദൽഹി, ബംഗാൾ, ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ



നിന്നുമാണ് ഏറെ പേരും എത്തുന്നത്. ചാർട്ടർ വിമാനത്തിന്റെ വരവ് നിന്നതോടെ ഒരു പരിധിവരെ കേരള വിനോദസഞ്ചാര മേഖലയ്ക്ക് ആശ്വാസം പകരുന്നത് ഈ സ്വദേശികളായ ടൂറിസ്റ്റുകളാണ്.

വിനോദസഞ്ചാരികളിൽ പലരും ഒരു ഡെസ്റ്റിനേഷനിൽ വന്നിട്ടു പോകുന്നവരുമുണ്ട്. എന്നാൽ ബീച്ച്, ബാക്ക് വാട്ടർ, ഹിൽസ്റ്റേഷൻ എന്നീ സ്ഥലങ്ങൾ കോർത്തിണക്കിയ പാക്കേജ് രൂപത്തിൽ വരുന്നതും ഈ കാലഘട്ടത്തിൽ കുറവല്ല എന്നു മാത്രമല്ല, വർദ്ധിച്ചുവരുന്നുമുണ്ട്.

വിമാനയാത്ര നിരക്കുകളും മറ്റ് ചിലവുകളും കണക്കിലെടുത്താൽ ദൽഹിയിൽ നിന്നും ഒരു ടൂറിസ്റ്റിന് കേരളത്തിൽ വന്ന് അവധി ആസ്വദിക്കുന്നതിനെക്കാൾ കുറഞ്ഞ നിരക്കിൽ തായ്ലന്റ്, മലേഷ്യ, സിങ്കപ്പൂർ തുടങ്ങി ഏതെങ്കിലും വിദേശ രാജ്യത്ത് പോയി ആസ്വദിച്ച് മടങ്ങി വരാനാകും. ശ്രീലങ്കയിലെ സമാധാനാന്തരീക്ഷവും, അവരുടെ പുതിയ ടൂറിസ്റ്റ് നയവും, കേരളത്തിന്റെ സമാന പ്രകൃതിരമണീയതയും കാലാവസ്ഥയുമുള്ള അവിടേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കപ്പെടുന്നു.

പത്ത് വർഷത്തിൽ കൂടുതലായി സ്ഥായിയായ പരിഹാരമൊന്നും കാണാതെ അവശേഷിക്കുന്ന തിരുവനന്തപുരം നഗരത്തിലെ മാലിന്യ നിർമ്മാർജന പ്രക്രിയ ഇന്ന് ആഗോള തലത്തിൽ അറിയപ്പെടുന്ന വിഷയമായി. നായ്ക്കളുടെ ശല്യവും, കടി കൊണ്ട് മരിച്ച വൃദ്ധയുടെ കഥകളുമൊക്കെ വിദേശ വാർത്താചാനലുകൾ റിപ്പോർട്ട് ചെയ്ത കാര്യം അവഗണിക്കാവുന്നതല്ല.

**മദ്യനയം**

യാത്രാ ചെലവിനും താമസ സൗകര്യത്തിനുമൊക്കെയായി നല്ലൊരു തുക ചെലവാക്കി അവധിക്കാലം ആസ്വദിക്കാനെത്തുന്നവർക്ക് രണ്ട് പെഗ് ഇഷ്ടമദ്യം കഴിക്കാൻ നമ്മുടെ ഇപ്പോഴത്തെ മദ്യനയം അനുവദിക്കുന്നില്ല. അങ്ങനെ വേണമെങ്കിൽ തന്നെ നക്ഷത്ര ഹോട്ടലുകൾ നോക്കി ബാർ ലൈസൻസും നോക്കി ഹോട്ടൽ ബുക്കിംഗ് നടത്തേണ്ടി വരുന്നു. ഈ സ്ഥിതി മാറിയേതീരൂ ഉദാഹരണത്തിന്, കോവളത്ത് 'സീസൺ' എന്നു പറഞ്ഞാൽ ഒക്ടോബർ മുതൽ



മാർച്ച് വരെയാണ്. സീസൺ സമയത്ത് ചെറിയ ഹോട്ടലുകളിലൊക്കെ ബിയറും വൈനുമൊക്കെ കച്ചവടം നടത്തുന്ന വിവരം പരസ്യമായ രഹസ്യമാണ്. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് സീസൺ സമയത്ത് ചില മാനദണ്ഡങ്ങൾക്ക് വിധേയമായി ബിയർ വിൽക്കാൻ ലൈസൻസു കൊടുത്തുകൂടാ ? അതിനുവേണ്ട ചെറിയ മാറ്റങ്ങൾ അബ്കാരി നിയമത്തിൽ വരുത്തിയാൽ മതിയാകുമല്ലോ?

**സ്വകാര്യ പങ്കാളിത്തം**

പല മേഖലകളിലും സർക്കാർ മെഷിനറികളുടെ നേതൃത്വം ഒന്ന് കൊണ്ട് മാത്രം വളരെയധികം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. നഗരത്തിലെ പാർക്കുകളും ട്രാഫിക് ഐലന്റുകളും, സ്വകാര്യസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സംരക്ഷിക്കുന്നതുപോലെ മോടിപിടിപ്പിക്കുന്നത് പോലെ, ടൂറിസം മേഖലയിലും സാദ്ധ്യമാക്കാം. ഉദാഹരണം കോവളം ജംഗ്ഷൻ മുതൽ കോവളം ബീച്ച് വരെ പോകുന്ന റോഡിന്റെ ദൂരം ഒന്നര കിലോമീറ്റർ ആണ്. ഡി.ടി.പി.സി.യും ജില്ലാ ഭരണകൂടത്തിന്റേയും നേതൃത്വത്തിൽ കോവളത്തെ പ്രധാനപ്പെട്ട ഹോട്ടൽ ഉടമകളുടെ ഒരു മീറ്റിംഗ് മാത്രം മതിയാകും ഈ റോഡ് രണ്ട് വശവും പൂച്ചെടികളും മറ്റും വച്ചു നട്ട് പിടിപ്പിച്ച് സൗന്ദര്യവത്ക്കരണം നടത്താനുള്ള തീരുമാനമെടുക്കാൻ. ഇപ്പോൾ രണ്ട് പഞ്ചനക്ഷത്ര ഹോട്ടലുകളും നിരവധി മറ്റ് നക്ഷത്ര ഹോട്ടലുകളും ഈ റോഡ് ഉപയോഗിക്കുന്നുണ്ട്. ഇതുകൊണ്ട് തന്നെ സർക്കാരിന്റെ യാതൊരുവിധ മുടക്കുമുതലുമില്ലാതെ മനോഹരമായ വീഥികൾ നമുക്ക് നിർമ്മിച്ച് ടൂറിസ്റ്റുകളെ വരവേൽക്കാം. മറ്റ് പല കാര്യങ്ങളും സർക്കാർ മെഷിനറിക്ക് മുടക്കുമുതലില്ലാതെ സ്വകാര്യ ഏജൻസികളെ കൊണ്ട് ടൂറിസം മേഖലയ്ക്ക് ഉപകാര പ്രധാനമായ കാര്യങ്ങൾ ചെയ്യാനാകും.

**നിർമ്മാണ ലൈസൻസുകൾ**

ഇതിനു പുറമേ ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട പെർമിറ്റുകളും ലൈസൻസുകളും വേഗത്തിൽ കിട്ടാനുള്ള എന്തെങ്കിലും സംവിധാനം ചെയ്യുന്നത് ഉപകാരപ്രദമായിരിക്കും. 8000 സ്ക്വയർ മീറ്ററിൽ കൂടുതലുള്ള നിർമ്മാണ പ്രവർത്തനത്തിന് ജില്ലാ ടൗൺ



പ്ലാനറുടേയോ ചീഫ് ടൗൺ പ്ലാനറുടേയോ ലെഔട്ട് അപ്രൂവൽ വാങ്ങിയാലെ കോർപ്പറേഷനോ/പഞ്ചായത്തോ നിർമ്മാണ പെർമിറ്റ് തരുകയുള്ളൂ. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുവാദം, ചിലയിടങ്ങളിൽ എയർപോർട്ട് എൻ.ഒ.സി., ഫയർ ഡിപ്പാർട്ട്മെന്റ് എൻ.ഒ.സി., പിന്നെ വെള്ളത്തിനുള്ള കണക്ഷൻ, വൈദ്യുതി, ഇങ്ങനെ നിരവധി പെർമിറ്റുകളും മറ്റ് കാര്യങ്ങളും വേണം. ഇതെല്ലാം നേടിയ ശേഷമാണ് ബാങ്ക് ലോണിന് അപേക്ഷിക്കേണ്ടത്. കാലതാമസം മാറ്റാനായി അപേക്ഷ കിട്ടിയാൽ അനുവദനീയമെങ്കിൽ പ്രൊവിഷണൽ പെർമിറ്റ് നൽകിയാൽ ബാങ്ക് ലോണിനും മറ്റും അപേക്ഷിക്കാനും സമയലാഭം ലഭിക്കാനും സാധിക്കും. ടൂറിസം ഡിപ്പാർട്ട്മെന്റിൽ തന്നെ ഇതിനുള്ള സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ നിക്ഷേപകൻ ഒരു ഏജൻസിയെ മാത്രം സമീപിച്ചാൽ മതിയാകുമല്ലോ.

**ചാർട്ടർ വിമാനം**

വിദേശ ടൂറിസ്റ്റുകളെ കേരളത്തിലെത്തിച്ചുകൊണ്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ട രീതി ചാർട്ടർ വിമാനം വഴിയുള്ളതായിരുന്നു. അത് അവസാനിപ്പിച്ചിട്ട് പത്തു വർഷമായിരിക്കുന്നു. മുമ്പ് സീസൺ സമയത്ത് ആഴ്ചതോറും ചാർട്ടർ വിമാനങ്ങൾ യു.കെ.യിൽ നിന്നും ടൂറിസ്റ്റുകളെ എത്തിക്കുമായിരുന്നു. അന്താരാഷ്ട്ര ടൂറിസ്റ്റ് കമ്പനികളായിരുന്നു ഇതിനു പിന്നിൽ. വൻകിട ഹോട്ടലുകൾക്കും ചാർട്ടർ വലിയ ഒരനുഗ്രഹമായിരുന്നു. കാരണം ചാർട്ടർ വിമാനം വഴി വരുന്ന അതിഥികളുടെ പേയ്മെന്റ് വലിയൊരു തുകയാണ്. അതുകൊണ്ട് തന്നെ ഈ തുക എന്തെങ്കിലും നിർമ്മാണ പ്രവർത്തനത്തിനോ അല്ലെങ്കിൽ മറ്റ് ക്യാപിറ്റൽ നിക്ഷേപത്തിനോ മുടക്കാൻ സാധിക്കുമായിരുന്നു.

**ഹർത്താൽ**

കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് അവരുടെ യാത്രയും, താമസവും, ഭക്ഷണവും വളരെ ആസ്വാദ്യകരമാക്കി മാറ്റാൻ സാധിക്കുന്ന ഒരന്തരീക്ഷം വളരെ അത്യന്ത്യാപേക്ഷിതമാണ്. വളരെ നാളുകൾക്ക് മുമ്പെ പ്ലാൻ ചെയ്ത് നല്ലൊരു തുകയും ചെലവാക്കിയാണല്ലോ അവർ ഇവിടെയെത്തുന്നത്.



പക്ഷെ സുനാമി പോലെ നിനച്ചിരിക്കാതെയെത്തുന്ന ഹർത്താലുകൾ ഒട്ടനവധി പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. പാക്കേജ് വ്യവസ്ഥയിൽ ഇവിടെ വരുന്ന ടൂറിസ്റ്റിന് ഹർത്താലുകൾ മുഖാന്തിരം ധനനഷ്ടത്തിനും സമയ നഷ്ടത്തിനും പുറമേ ഒരു ഡെസ്റ്റിനേഷൻ കാണാതെയാകും അവർ തിരിച്ചു പോകേണ്ടി വരിക.

**ഹെൽത്ത് ടൂറിസം**

ഹെൽത്ത് ടൂറിസത്തിന് അനന്ത സാദ്ധ്യതകളുള്ള സംസ്ഥാനമാണ് കേരളം. പക്ഷേ നമ്മൾ അത് പൂർണ്ണമായും എല്ലാ അർത്ഥത്തിലും ഉപയോഗിക്കുന്നില്ല. ഈ രംഗത്ത് നിയമപരമായ കാര്യങ്ങൾക്ക് കൂടുതൽ വ്യക്തത വേണം. ഈ അടുത്ത കാലത്തുണ്ടായ ലാത്വിയൻ വനിതയുടെ ദാരുണാന്ത്യം തന്നെ ഈ മേഖലയിലെ വീഴ്ചകളെ വ്യക്തമാക്കുന്നു. ഈ സ്ത്രീ കേരളത്തിൽ വിഷാദ രോഗ ചികിത്സക്കാണ് വന്നത്. വിനോദ സഞ്ചാരികൾ രോഗ ചികിത്സകൾക്കുമായാണ് വരുന്നതെങ്കിൽ അവരെ വേറിട്ട് കാണണം. ഇവിടെയാണ് ആധുനിക മെഡിക്കൽ ടൂറിസത്തിന്റെ പ്രാധാന്യവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും മനസ്സിലാക്കേണ്ടത്. വിസയിൽ പോലും 'മെഡിക്കൽ ടൂറിസ്റ്റ്' എന്ന് അടയാളപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിനു പുറമെ ചികിത്സിക്കുന്ന സ്ഥാപനവും രോഗിയും അവരുടെ ബന്ധുക്കളും അനുസരിക്കേണ്ട നിയമവശങ്ങളെക്കുറിച്ചും ബോധവൽക്കരണം വേണം. വിഷാദരോഗ ചികിത്സക്കായ് വരുമ്പോൾ കൂടെ വേണ്ടപ്പെട്ടവർ വേണമെന്ന് നിഷ്കർഷിക്കണം. ഇങ്ങനെയായിരുന്നെങ്കിൽ ലാത്വിയൻ ദുരന്തം ഉണ്ടാകില്ലായിരുന്നു.

**ടൂറിസം അവാർഡ്**

ടൂറിസം മേഖലയിൽ കേരള സർക്കാർ നിരവധി ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നുണ്ട്. എന്നാൽ പലപ്പോഴും അതെല്ലാം അടിച്ചതിനും വേണ്ടി കരയുന്ന പോലെയാണ്. 2016-17 ലെ ടൂറിസം അവാർഡിന് അപേക്ഷകൾ ഇതുവരെ ക്ഷണിച്ചിട്ടില്ല. ടൂറിസം അവാർഡുവിതരണം, സിനിമ അവാർഡ് പോലെ ഉന്നത നിലവാരമുള്ള ചടങ്ങുകളായി മാറ്റണം. ടൂറിസം മേഖലയിലെ സമഗ്ര



സംഭാവനയ്ക്ക് കേരളത്തിനുവേണ്ടി ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വിദേശ ട്രാവൽ ഏജൻസികൾക്ക് കൂടി അവാർഡു നൽകുന്ന രീതിയിലാക്കണം.

**വെഡ്ഡിംഗ്-മൈസ് ഡെസ്റ്റിനേഷൻ**

കേരളത്തിലെ പല ടൂറിസ്റ്റ് ടെസ്റ്റിനേഷനുകളും, പ്രത്യേകിച്ചും വിമാന, ട്രെയിൻ യാത്രാസൗകര്യമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ വെഡ്ഡിംഗ് ഡെസ്റ്റിനേഷനായും മീറ്റിങ്, ഇൻസെന്റീവ്, കോൺഫറൻസ്, എക്സിബിഷൻ ഡസ്റ്റിനേഷനായും (മൈസ് ഡസ്റ്റിനേഷൻ) വളർന്ന് വരുന്നുണ്ട്. കോവളം ഈ രണ്ട് കാര്യങ്ങൾക്കും യോജിച്ചതാണെന്ന് തെളിയിച്ചു വരികയാണ്. കോവളത്തിന്റെ ചെറിയ ബീച്ചുകളും, നക്ഷത്ര ഹോട്ടൽ മുറികൾ ഉൾപ്പെടെ നിലവാരമുള്ള 1300 ൽ കൂടുതൽ ഹോട്ടലുകൾ മുറികൾ, നിരവധി ഏ.സി. ഹാളുകളുള്ള ഹോട്ടലുകൾ, വിശാലമായ ലാണുകൾ ഉള്ള നക്ഷത്ര ഹോട്ടലുകൾ, അടുത്തടുത്തായി തന്നെ കൂടുതൽ ഹോട്ടലുകൾ ഉള്ള അവസ്ഥ ഇതെല്ലാം കൊണ്ട് കോവളത്തെ വെഡ്ഡിംഗ്-മൈസ് ടെസ്റ്റിനേഷനായി വളർത്തിയെടുക്കാൻ സാധിക്കും. അങ്ങനെയായാൽ കോവളത്തെ ഓഫ് സീസൺ എന്നതു മാറി വർഷം മുഴുവൻ തിരക്കുള്ള ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കാം.

**സീപ്ലെയിൻ സർവ്വീസ്**

അമേരിക്ക, ചൊവ്വ ഗ്രഹത്തിലേക്കും ചന്ദ്രനിലേക്കും വിനോദ സഞ്ചാരികളെ കൊണ്ടു പോകാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്ന ഈ കാലഘട്ടത്തിൽ കേരള സമൂഹം ലോകത്ത് നല്ലതെന്ന് തെളിയിച്ച ചില യാത്രാ മാർഗ്ഗങ്ങൾക്കു പോലും വിലക്കേർപ്പെടുത്തുന്ന രീതി വളരെ ദുഃഖകരമാണ്.

ടൂറിസം മേഖലയ്ക്ക് അസൂയാവഹമായ വളർച്ച ഉണ്ടാക്കാൻ സാധിക്കുന്ന ഒരു പദ്ധതിയായിരുന്നു സീപ്ലെയിൻ. പ്രത്യേകിച്ചും ബാക്ക് വാട്ടർ പ്രദേശമായ ആലപ്പുഴ, കൊല്ലം പ്രദേശങ്ങളിൽ. പല രാഷ്ട്രങ്ങളിലും യാതൊരുവിധമായ പരിസ്ഥിതി പ്രശ്നങ്ങളോ, മത്സ്യ ബന്ധന മേഖലയിലെ പ്രശ്നങ്ങളോ കൂടാതെ വിജയകരമായി നടത്തി വരുന്ന യാത്രാസൗകര്യമാണ് 'സീപ്ലെയിൻ'. എന്നാൽ നമുക്കത് ഉപേക്ഷിക്കേണ്ടി വന്നു. ഇതുപോലെ ഹെലികോപ്റ്റർ വഴി ടൂറിസം



കേന്ദ്രങ്ങളെ ബന്ധിപ്പിക്കാൻ കഴിയണം. പണലാഭത്തോടൊപ്പം, സമയലാഭവും വിനോദസഞ്ചാരികൾക്ക് പ്രധാനമാണ്. റോഡ് മാർഗ്ഗം നാലും അഞ്ചും മണിക്കൂറുകൾ എടുത്ത് വളരെ ക്ഷീണിതരായി എത്തുന്നതിനേക്കാൾ എന്തുകൊണ്ടും സന്തോഷം തരുന്ന കാര്യമായിരിക്കുമല്ലോ മിനിട്ടുകൾ കൊണ്ട് പറന്നെത്തുന്നത് എപ്പോഴും പുരോഗമനാത്മകമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമൂഹവും, സർക്കാരും ടൂറിസം മേഖലക്കത്യാവശ്യമാണ്.

ചാർട്ടർ വിമാനം വഴി വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലെത്തിക്കുന്ന ദൗത്യം കേരളത്തിലെ ട്രാവൽ ഏജൻസികളും സർക്കാരും കൂടി ഒരുമിച്ച് ഏറ്റെടുത്ത് കേരള ടൂറിസത്തിന് പുതിയ ഉണർവ് പകരാനാകുമെന്നത് തീർച്ചയാണ്.

**സംസ്കാരത്തിന്റെ തിരിച്ചറിവ്**

വിനോദ സഞ്ചാരമെന്നാൽ, മറ്റൊരു സംസ്കാരത്തിന്റെ കൂടി തിരിച്ചറിവാണ്. ഭാരതത്തിൽ തന്നെ വിവിധങ്ങളായ സംസ്കാരങ്ങളാണ്. വ്യത്യസ്തമായ ജീവിത ശൈലി, ഭക്ഷണ രീതികൾ. ഉദാഹരണത്തിന്, ഗുജറാത്തികൾ മിക്കപ്പോഴും ഗ്രൂപ്പ് ബുക്കിംഗിലായിരിക്കും വരിക. അവർക്ക് താമസ സൗകര്യം മാത്രം മതി, ഭക്ഷണം വേണ്ട. കാരണം അവരുടെ ഗ്രൂപ്പിനൊപ്പം പാചകക്കാരും അടുക്കള സൗകര്യവും വരുന്നുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ഗുജറാത്തുകാർ വിനോദ സഞ്ചാരത്തിന് പോയാൽ പോലും അവരുടെ ഭക്ഷണം ഉപേക്ഷിക്കാൻ പറ്റില്ല എന്നതാണ്. ഇതുപോലെതന്നെയാണ് വിനോദസഞ്ചാരികളുടെ വസ്ത്രധാരണവുമെല്ലാം. വിനോദസഞ്ചാര മേഖലയിൽ സമൂഹം ചില തിരിച്ചറിവുകൾക്ക് വിധേയരായിരിക്കണം. സഞ്ചാരികളെത്തുമ്പോൾ അവരുടെ സംസ്കാരം കൂടി അവരോടൊപ്പം എത്തുന്നത് മനസ്സിലാക്കി പ്രവർത്തിക്കാൻ നമ്മുടെ സമൂഹവും തയ്യാറായിരിക്കണം.

ലാത്വിവിയൻ വനിതയുടെ കാര്യം തന്നെ നോക്കുക. ഈ വനിത സംശയകരമായ രീതിയിൽ കണ്ടൽകാട് പ്രദേശത്ത് പോകുന്നതായി നിവാസികൾ കണ്ടതായി പറയുന്നു. തീർച്ചയായും കണ്ടൽകാട് പ്രദേശം സാമൂഹ്യ



വിരുദ്ധരുടെയും മയക്കുമരുന്നിന്റെയും കേന്ദ്രമാണെന്ന് അറിയാമായിരുന്നെങ്കിൽ എന്തുകൊണ്ട് പൊതുജനം അറിയിക്കേണ്ടവരെ അറിയിച്ചില്ല ? ഇവിടെയാണ് സമൂഹവും ചില തിരിച്ചറിയലുകൾക്ക് വിധേയരാവണം എന്ന് പറയുന്നത്.

ഇതിനായി സ്കൂൾ തലം തൊട്ട് വിനോദ സഞ്ചാരവും അതിന്റെ നേട്ടങ്ങളും സമൂഹം പാലിക്കേണ്ട തിരിച്ചറിവുകളും പാഠ്യവിഷയമാക്കണം. കൂടാതെ ഈ മേഖലയിലെ നിയമപാലകർക്കും വിനോദസഞ്ചാരികളുമായി ഇടപഴകാനുള്ള പരിശീലനം നൽകുന്നത് നന്നായിരിക്കും. എപ്പോഴും തെറ്റ് സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

തെറ്റ് സംഭവിച്ചശേഷം മാത്രം ജാഗരൂഗരാകുന്നത് വിനോദ സഞ്ചാര മേഖലക്ക് ഒരിക്കലും യോജിച്ചതല്ല. വിനോദ സഞ്ചാരികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കേണ്ട ചുമതല സർക്കാരിനു മാത്രമല്ല സമൂഹത്തിനും കൂടെയാണ് എന്ന ബോധം ഉണ്ടാകണം.

ടൂറിസം മേഖലയിൽ ദീർഘ വീക്ഷണവും, നേതൃത്വപാടവവും ചില ഇടപെടലുകളും കൊണ്ട് കേരളത്തിനെ ഈ രംഗത്ത് ഇന്ത്യയിലെ ഒന്നാം സ്ഥാനത്തെത്തിക്കാൻ സാധിക്കും. നമുക്ക് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി നിലനിർത്താം. എല്ലാ അർത്ഥത്തിലും.

**കലാകൗമുദി,**

**30 സെപ്തംബർ 2018**

FOCUS



## ദിനാചരണങ്ങളല്ല, നിലപാടുകളാണ് പ്രധാനം

**സാബു ജോസ്**

സെപ്തംബർ 16 അന്തർദേശീയ ഓസോൺ ദിനമാണ്. പ്രകൃതിയൊരുക്കിയ മാന്ത്രികക്കുട, ഭൂമിയുടെ പുതപ്പ് എന്നിങ്ങനെ നിരവധി വിശേഷണങ്ങളുള്ള വളരെ നേർത്ത വാതകപടലമായ ഓസോൺപാളിക്ക് മനുഷ്യനിർമിത രാസവസ്തുക്കളുടെ ഉത്സർജനം ഗുരുതരമായ പരിക്കുകളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം രാസവസ്തുക്കളുടെ ഉൽപ്പാദനവും ഉപയോഗവും നിയന്ത്രിച്ച് ഭൂമിയെയും ഭൗമജീവനെയും മാരകമായ അൾട്രാവയലറ്റ് വികിരണങ്ങളുടെ ആക്രമണത്തിൽ നിന്നു സംരക്ഷിക്കേണ്ടതിന്റെ സന്ദേശമാണ് ഈ ദിനാചരണത്തിലൂടെ സംവദിക്കപ്പെടുന്നത്. "Keep cool and carry on The Montreal Protocol"എന്നാണ് ഈ വർഷത്തെ ഓസോൺദിന സന്ദേശം. കേവലമൊരു ദിനാചരണത്തിൽ അവസാനിക്കേണ്ടതല്ല ആ സന്ദേശം. അതുയർത്തുന്ന ആഗോള സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക നിർവചനങ്ങൾ അത്രമാത്രം പ്രസക്തവും വിശാലവുമാണ്. ഓസോൺ ഒരു വിഷവാതകമാണ്. അതൊരിക്കലും ജീവൻ രക്ഷിക്കില്ല. നശിപ്പിക്കുക മാത്രമേയുള്ളൂ. എന്നാൽ ഓസോൺ പാളി എന്നറിയപ്പെടുന്ന ഭൗമാന്തരീക്ഷ മേഖല ഭൗമജീവന്റെ സമവാക്യങ്ങൾ നിർണയിക്കുന്ന പ്രധാന ഘടകമാണ്.

ഓക്സിജന്റെ മൂന്ന് ആറ്റങ്ങളടങ്ങിയ തന്മാത്രാരൂപമാണ് ഓസോൺ. അന്തരീക്ഷ ഓക്സിജന്റെ ഡയാറ്റോമിക തന്മാത്രയായ ഓക്സിജനേക്കാൾ($O_2$) അസ്ഥിരമാണ് ഓസോൺ(O-3). ജന്തുക്കളിലെ ശ്വസനവ്യവസ്ഥയ്ക്ക് ഹാനികരമായ വാതകമാണ് ഓസോൺ. നേരിയ അളവിൽ ഓസോൺ അന്തരീക്ഷത്തിൽ എല്ലായിടത്തുമുണ്ട്. സ്വിറ്റ്സർലൻഡിലെ ബേസൽ സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന ക്രിസ്റ്റ്യൻ ഫ്രെഡ്റിച്ച് ഷോൺബെയ്ൻ എന്ന ജർമ്മൻകാരനാണ് ഓസോൺ വാതകം കണ്ടുപിടിച്ചത്. വെള്ളത്തിലൂടെ വൈദ്യുതി കടത്തിവിടുമ്പോൾ ഒരു പ്രത്യേക മണമുണ്ടാകുന്നതായി 1869 ൽ അദ്ദേഹം സർവ്വകലാശാലയിലെ പ്രകൃതിഗവേഷണ സമിതിയുമായി സംസാരിച്ചു.



മാർട്ടിൻ വാൻമാരം എന്ന ഡച്ച് ശാസ്ത്രജ്ഞനും മണത്തിന്റെ കാര്യം ശ്രദ്ധിച്ചിരുന്നു. എങ്കിലും അതിനെക്കുറിച്ച് കൂടുതൽ പഠിക്കുകയും 1840 ൽ ഫ്രഞ്ച് അക്കാദമിയിലേക്ക് എഴുതുകയും ചെയ്തത് ഷോൺ ബെയ്നാണ്. മണമുണ്ടാക്കുന്ന ഈ വസ്തുവിന് ഓസോൺ എന്ന പേര് നിർദ്ദേശിച്ചതും അദ്ദേഹമാണ്.

ഭൗമാന്തരീക്ഷത്തിൽ ആപേക്ഷികമായി ഉയർന്ന സാന്ദ്രതയിൽ ഓസോൺ വാതകം കാണപ്പെടുന്ന മേഖലയാണ് ഓസോൺപാളിയെന്ന ഓസോണോസ്ഫിയർ. ആപേക്ഷികമായി ഉയർന്നതെന്നു പറയുമ്പോൾ ഇതത്ര അധികമൊന്നുമുണ്ടെന്നു കണക്കാക്കേണ്ടതില്ല. ഭൗമാന്തരീക്ഷത്തിലെ മറ്റു വാതകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഓസോണിന്റെ അളവ് കേവലം 0.6 ppm(parts per million) മാത്രമാണ്. അന്തരീക്ഷ പാളിയായ സ്ട്രാറ്റോസ്ഫിയറിലാണ് ഓസോൺ വാതകത്തിന്റെ 90 ശതമാനവുമുള്ളത്. ഭൗമാന്തരീക്ഷത്തിന്റെ ഘടന വിവരിക്കുമ്പോൾ ശാസ്ത്രജ്ഞർ ഉപയോഗിക്കുന്ന അളവുകോലാണ് അന്തരീക്ഷ പാളികളെന്നു പറയാം. കൃത്യമായി നിർണയിക്കാൻ കഴിയുന്ന അതിരുകളില്ലെങ്കിലും താപനിലയിലും വാതക വിതരണത്തിലും വ്യത്യസ്തത പുലർത്തുന്നവയാണ് ഈ പാളികൾ. ഭൗമാന്തരീക്ഷത്തിന്റെ ആകെ ഭാരം 5:10 ^18 കിലോഗ്രാമാണ്. ഇതിന്റെ മുക്കാൽ ഭാഗവും ഭൗമോപരിതലത്തിൽ നിന്നും 11 കിലോമീറ്റർ വരെ വ്യാപിച്ചുകിടക്കുന്ന ട്രോപ്പോസ്ഫിയർ എന്ന അന്തരീക്ഷ പാളിയാണെന്നു പറയുമ്പോൾ ബാക്കി ഭാഗത്തെ വാതകസാന്ദ്രത ഊഹിക്കാവുന്നതേയുള്ളൂ. ഉയരം കൂടുന്നതിനനുസരിച്ച് ഭൗമാന്തരീക്ഷം നേർത്തുവരും. ഭൗമാന്തരീക്ഷവും ബഹിരാകാശവും തമ്മിൽ കൃത്യമായ അതിർവരമ്പുകളൊന്നുമില്ല. ബഹിരാകാശത്തുനിന്നും ഭൂമിയിലേക്കു തിരിച്ചുവരുന്ന സ്പേസ്ക്രാഫ്റ്റുകൾക്ക് റി-എൻട്രി സമയത്ത് അന്തരീക്ഷത്തിന്റെ പ്രകടമായ സ്വാധീനം അനുഭവപ്പെടുന്ന മേഖലയെ വേണമെങ്കിൽ അന്തരീക്ഷത്തിന്റെ അതിർത്തിയായി കണക്കാൻ കഴിയും. ഇത് ഭൗമോപരിതലത്തിൽനിന്നും ഏകദേശം 120 കിലോമീറ്റർ ഉയരത്തിലാണ്.



ഭൗമാന്തരീക്ഷത്തിന്റെ 78.09 ശതമാനവും നൈട്രജൻ വാതകമാണുള്ളത്. 20.95 ശതമാനം ഓക്സിജനും 0.93 ശതമാനം ഭാഗം ആർഗണുമുണ്ട്. ഹരിതഗൃഹവാതകങ്ങളായ കാർബൺ ഡയോക്സൈഡും നീരാവിയും മീഥേയ്നുമെല്ലാം തുച്ഛമായ അളവിൽ മാത്രമാണുള്ളത്. അതിലും കുറവാണ് ഭൂമിയുടെ പുതപ്പെന്നും മറ്റും അൽപം കാൽപ്പനികത കലർത്തി പറയുന്ന ഓസോൺ വാതകമുള്ളത്. ഇതു കൂടാതെ ചാരവും പൊടിയും പുകയും അഗ്നിപർവത ധൂളിയും ഗന്ധക സംയുക്തങ്ങളുമെല്ലാം ചെറിയ തോതിൽ അന്തരീക്ഷത്തിലുണ്ട്. വളരെ സങ്കീർണമാണ് ഭൗമാന്തരീക്ഷത്തിലെ ഊഷ്മാവിന്റെ ഏറ്റക്കുറച്ചിലുകൾ. താപനിലയിലുള്ള ഈ ഏറ്റക്കുറച്ചിലുകളാണ് അന്തരീക്ഷത്തെ വിവിധ പാളികളായി തരംതിരിക്കുന്നതിന് ആധാരമായി സ്വീകരിച്ചിരിക്കുന്നത്. പ്രധാനമായും അഞ്ച് അന്തരീക്ഷപാളികളാണുള്ളത്. ഇതിൽ ഭൗമോപരിതലത്തിൽനിന്ന് 9-17 കിലോമീറ്റർ വരെ വ്യാപിച്ചുകിടക്കുന്ന, വാതകസാന്ദ്രത ഏറ്റവുമധികമുള്ള മേഖലയായ ട്രോപ്പോസ്ഫിയറിനെ ഒന്നാമത്തെ അന്തരീക്ഷപാളിയായി കണക്കാക്കാം. ഭൗമചലനങ്ങളും കാലികമാറ്റങ്ങളും ഈ അതിർത്തി പുനർനിർണയിക്കാറുണ്ട്. ധ്രുവമേഖലയിലും മധ്യരേഖാപ്രദേശത്തും ട്രോപ്പോസ്ഫിയറിന്റെ ഉയരം വ്യത്യസ്തമായിരിക്കും. ഉയരം കൂടുന്തോറും ട്രോപ്പോസ്ഫിയറിന്റെ താപനില കുറഞ്ഞുവരും. ഭൗമോപരിതലത്തിലെ പർവതശിഖരങ്ങളെല്ലാം ഈ പാളിയിലാണുള്ളത്. അന്തരീക്ഷ ഭാരത്തിന്റെ 80 ശതമാനവും വഹിക്കുന്നത് ട്രോപ്പോസ്ഫിയറാണ്. ട്രോപ്പോസ്ഫിയറിനു മുകളിൽ 51 കിലോമീറ്റർ ഉയരത്തിൽവരെ വ്യാപിച്ചുകിടക്കുന്ന സ്ട്രാറ്റോസ്ഫിയറാണ് രണ്ടാമത്തെ അന്തരീക്ഷ പാളി. ഉയരം കൂടുന്നതിനനുസരിച്ച് ഈ പാളിയിലെ ഊഷ്മാവും വർധിക്കും. ഓസോൺ വാതക പടലത്തിന്റെ 90 ശതമാനവും ഈ പാളിയിലാണുള്ളത്. ഭൗമോപരിതലത്തിൽ നിന്നും 12 മുതൽ 50 കിലോമീറ്റർ വരെ ഉയരത്തിലാണ് ഓസോൺ വാതകം കാണപ്പെടുന്നത്. സ്ട്രാറ്റോസ്ഫിയറിനു മുകളിൽ 85 കിലോമീറ്റർ വരെ ഉയരത്തിൽ വ്യാപിച്ചുകിടക്കുന്ന മെസോസ്ഫിയറാണ് മൂന്നാമത്തെ പാളി. ഉയരം കൂടുന്നതിനനുസരിച്ച് മെസോസ്ഫിയറിന്റെ താപനില കുറയും. ഭൗമാന്തരീക്ഷത്തിൽ പ്രവേശിക്കുന്ന



ഉൽക്കാശകലങ്ങൾ കത്താനാരംഭിക്കുന്നത് മെസോസ്ഫിയറിൽവച്ചാണ്. അതിനും മുകളിലായി 800 കിലോമീറ്റർ വരെ ഉയരത്തിൽ വ്യാപിച്ചിരിക്കുന്ന തെർമോസ്ഫിയറാണ് അടുത്ത അന്തരീക്ഷ പാളി. അന്തരീക്ഷത്തിന്റെ നിർവചനം പോലും അവിടെ വളരെ നേർത്തതാണ്. അന്താരാഷ്ട്ര ബഹിരാകാശ നിലയവും ഭൂസ്ഥിര ഉപഗ്രഹങ്ങളുമെല്ലാം ഇവിടെയാണുള്ളത്. തെർമോസ്ഫിയറിനു മുകളിലാണ് അഞ്ചാമത്തെ അന്തരീക്ഷ പാളിയായ എക്സോസ്ഫിയർ കാണപ്പെടുന്നത്. ഹൈഡ്രജനും ഹീലിയവും മാത്രമാണ് അവിടെയുള്ളത്.

അന്തരീക്ഷ പാളികളെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഫ്രഞ്ച് ശാസ്ത്രജ്ഞരായ ചാൾസ് ഫാബ്രി, ഹെന്റി ബ്യൂസൺ എന്നിവർ 1913 ലാണ്. ഓസോൺ പാളി ആദ്യമായി കണ്ടെത്തുന്നത്. പിന്നീട് ബ്രട്ടീഷ് കാലാവസ്ഥാ ശാസ്ത്രജ്ഞനായ ജി.എം.ബി.ഡോബ്സൺ ഓസോൺ പാളിയുടെ സവിശേഷതകൾ ഓരോന്നായി അനാവരണം ചെയ്തു. അന്തരീക്ഷ ഓസോണിന്റെ അളവ് ഭൂമിയിൽ നിന്നുകൊണ്ടു തന്നെ കണക്കുകൂട്ടുന്നതിനുള്ള ഒരുപകരണവും അദ്ദേഹം വികസിപ്പിച്ചു. ഡോബ്സൺ മീറ്റർ എന്നാണീ ഉപകരണം അറിയപ്പെടുന്നത്. 1928 നും 1958 നും ഇടയിലുള്ള മുപ്പതു വർഷങ്ങളിൽ ഓസോൺ പാളിയെക്കുറിച്ചുള്ള പഠനത്തിനുള്ള നിരവധി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഡോബ്സൺ മുൻകൈയെടുത്തു. അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിനുവേണ്ടി അന്തരീക്ഷ ഓസോൺ സാന്ദ്രതയുടെ ഏകകത്തെ ഡോബ്സൺ യൂണിറ്റ് എന്നാണ് വിളിക്കുന്നത്. ഓസോൺ പാളിയുടെ ഘടനയെക്കുറിച്ചും അതിന്റെ ധർമത്തെക്കുറിച്ചും നിരവധി പഠനങ്ങൾ പിന്നീടും നടന്നിട്ടുണ്ട്. നൊബേൽ സമ്മാനാർഹരായ പോൾ ക്രൂറ്റ്സൺ, മരിയോ മോളിനോ, ഫ്രാങ്ക് എസ്.റോളണ്ട് എന്നീ രസതന്ത്രജ്ഞരുടെ സംഭാവനകൾ എടുത്തുപറയേണ്ടതാണ്.

സൂര്യപ്രകാശത്തോടൊപ്പമുള്ള അൾട്രാവയലറ്റ് വികിരണങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. യു.വി.–എ, യു.വി.–ബി, യു.വി.–സി എന്നിങ്ങനെ. 315 മുതൽ 400 നാനോമീറ്റർവരെ തരംഗദൈർഘ്യമുള്ള ഭാഗമാണ് യു.വി.–എ. യു.വി.–ബി



എന്നത് 280 എൻഎം മുതൽ 315 എൻഎം വരെയും യു.വി.സി എന്നത് 100 എൻഎം മുതൽ 315 എൻഎം വരെയുമാണ്. ഇവയിൽ യു.വി.-സി ഓക്സിജൻ തന്മാത്രകളിൽ പതിക്കുമ്പോൾ അവ വിഘടിച്ച് ഓക്സിജൻ ആറ്റങ്ങളായി മാറും. എന്നാൽ വായുവിലെ മിക്ക മൂലകങ്ങളുടെയും പരമാണുക്കൾക്ക് ഒറ്റയ്ക്കു നിൽക്കാനാവില്ല. ഓക്സിജന്റെ കാര്യത്തിൽ സ്വതന്ത്രമാക്കപ്പെടുന്ന ആറ്റങ്ങൾ മറ്റൊരു ഓക്സിജൻ തന്മാത്രയുമായി ചേർന്ന് ഓസോൺ തന്മാത്രയായി മാറും. സിഡ്നി ചാപ്മാൻ (1886–1970) എന്ന ഗണിതശാസ്ത്രജ്ഞനാണ് ഈ പ്രക്രിയ കണ്ടുപിടിച്ചത്.

ഭൗമോപരിതലത്തിനു സമീപം മറ്റു രീതികളിലും ഓസോൺ ഉണ്ടാകുന്നുണ്ട്. ഇടിമിന്നലും മറ്റു വൈദ്യുത സ്പാർക്കുകളുമാണ് ഇതിന്റെ കാരണം. ലിഫ്റ്റുകളിലും മറ്റുമുപയോഗിക്കുന്ന വലിയ മോട്ടോറുകളും ഫോട്ടോകോപ്പിയർ, ടെലിവിഷൻ സെറ്റുകൾ, ലേസർ പ്രിന്റുകൾ തുടങ്ങി ഉയർന്ന വോൾട്ടതയിൽ പ്രവർത്തിക്കുന്ന വൈദ്യുത ഉപകരണങ്ങളും ഓസോൺ ഉൽപ്പാദനത്തിന് കാരണമാകുന്നുണ്ട്. നൈട്രജന്റെ ഓക്സൈഡുകൾ, കാർബൺ മോണോക്സൈഡ്, മീഥേയ്ൻ പോലെ എളുപ്പത്തിൽ ബാഷ്പീകരിക്കുന്ന രാസവസ്തുക്കൾ എന്നിവ സൂര്യപ്രകാശവുമായി പ്രതിപ്രവർത്തിക്കുമ്പോഴും ഓസോൺ ഉണ്ടാകുന്നുണ്ട്. പ്രധാനമായും നഗരപ്രദേശങ്ങളിലാണ് ഇത്തരം രാസവസ്തുക്കൾ ഉണ്ടാകുന്നത്. എങ്കിലും കിലോമീറ്ററുകൾ ദൂരെവരെ ഇവ എത്തിച്ചേരാറുണ്ട്. ഇങ്ങനെയുണ്ടാകുന്ന ഓസോൺ, ഫോട്ടോകെമിക്കൽ സ്മോഗ് എന്നറിയപ്പെടുന്ന വായൂമലിനീകരണത്തിന് കാരണമാകാറുണ്ട്. രൂക്ഷഗന്ധമുള്ള ഓസോൺ ഹരിതഗൃഹ സ്വഭാവമുള്ള വാതകമാണ്. കൂടുതൽ ഓസോൺ അടങ്ങുന്ന വായു ശ്വസിക്കുന്നത് ശ്വാസകോശ രോഗങ്ങൾക്കും കാരണമാകും.

പേരു സൂചിപ്പിക്കുന്നതു പോലെ ഓസോൺ വാതകം തീരെ കാണപ്പെടാത്ത മേഖലയെന്നുമല്ല ഓസോൺ തുളകൾ. ചുറ്റുപാടുകളെ അപേക്ഷിച്ച് ഓസോൺ സാന്ദ്രത കുറഞ്ഞ ഭാഗം എന്നു മാത്രമാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ദക്ഷിണാർധഗോളത്തിൽ ആഗസ്ത് മുതൽ ഒക്ടോബർ വരെയുള്ള



മാസങ്ങളിലാണ് സാധാരണയായി ഓസോൺ തുളകൾ പ്രത്യക്ഷമാകുന്നത്. അന്റാർട്ടിക്കയുടെ ഭാഗത്താണ് ഈ പ്രതിഭാസം കൂടുതൽ തീവ്രമാകുന്നത്. എങ്ങനെയാണ് ഒരു മേഖലയെ ഓസോൺ തുളയായി പരിഗണിക്കുന്നതെന്നു നോക്കാം. ഓസോൺ വാതകത്തിന്റെ സാന്ദ്രത 220 ഡോബ്സൺ യൂണിറ്റിലും (220 DU) കുറഞ്ഞ മേഖലയെ ഓസോൺ തുളയായി കണക്കാക്കാം. സൗരവാതങ്ങളുടെ ആക്രമണവും അഗ്നിപർവ്വത സ്ഫോടനങ്ങളും ഓസോൺ പുതപ്പിനെ ഛിന്നഭിന്നമാക്കുന്നുണ്ട്. മനുഷ്യന്റെ ഇടപെടലും ഓസോൺ പാളിക്ക് ഗുരുതരമായ കേടുപാടുകൾ വരുത്തുന്നുണ്ട്. നൈട്രിക് ഓക്സൈഡ്, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോക്സിൽ, ആറ്റമിക് ക്ലോറിൻ, ബ്രോമിൻ, ക്ലോറോഫ്ളൂറോ കാർബണുകൾ, ബ്രോമോ ഫ്ളൂറോ കാർബണുകൾ, ഹാലോണുകൾ എന്നിവയെല്ലാം ഓസോൺ പാളിയെ ദോഷകരമായി ബാധിക്കുന്ന മനുഷ്യനിർമിത പദാർഥങ്ങളാണ്. ഇവയിൽ റെഫ്രിജറേറ്ററുകളിലും എയർകണ്ടീഷനറുകളിലും ഉപയോഗിക്കുന്ന ക്ലോറോ ഫ്ളൂറോ കാർബണുകളും നൈട്രസ് ഓക്സൈഡുമാണ് ഓസോൺ പാളിയുടെ മുഖ്യ ശത്രുക്കൾ. വികസിത രാജ്യങ്ങൾ സി.എഫ്.സി.യുടെ ഉൽപ്പാദനവും ഉപയോഗവും നിയന്ത്രിച്ചിട്ടുണ്ടെങ്കിലും വികസ്വര രാഷ്ട്രങ്ങളിൽ ഇത്തരം രാസവസ്തുക്കളുടെ ഉപയോഗം നിർബാധം തുടർന്നുവരുന്നുണ്ട്.

വാതക പ്രവാഹത്തോടൊപ്പം സ്ട്രാറ്റോസ്ഫിയറിലെത്തുന്ന ക്ലോറിൻ, ബ്രോമിൻ തന്മാത്രകളിൽ അൾട്രാവയലറ്റ് വികിരണങ്ങൾ പതിക്കുമ്പോൾ അവയിൽ നിന്നും ആറ്റങ്ങൾ സ്വതന്ത്രമാക്കപ്പെടുകയും ഇങ്ങനെ സ്വതന്ത്രമാക്കപ്പെടുന്ന ആറ്റമിക ക്ലോറിനും ബ്രോമിനും ഓസോൺ തന്മാത്രകളുമായി പ്രതിപ്രവർത്തനത്തിലേർപ്പെടുകയും ചെയ്യും. ശൃംഖലാപ്രവർത്തനം വഴി ഒരു ക്ലോറിൻ പരമാണുവിന് ഒരു ലക്ഷം ഓസോൺ തന്മാത്രകളെ നശിപ്പിക്കാൻ കഴിയും. ക്രമേണ അൾട്രാവയലറ്റ് വികിരണങ്ങളെ ആഗിരണം ചെയ്യുന്നതിനുള്ള കഴിവു നഷ്ടപ്പെടുകയും ഓസോൺ പാളിമറികടന്ന് ഈ തീവ്രവികിരണങ്ങൾ ഭൗമോപരിതലത്തിൽ എത്തുകയും ചെയ്യും. ഉത്തരാർധ ഗോളത്തിൽ ഓരോ ദശകത്തിലും ഓസോൺ പാളിയുടെ കട്ടി നാലു ശതമാനം കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്.



ഭൗമാന്തരീക്ഷത്തിൽ ഓസോൺ വാതകത്തിന്റെ സാന്ദ്രത നിർണയിക്കുന്നത് നിരവധി ഘടകങ്ങളുടെ പ്രവർത്തനം വഴിയാണ്. ഭൂമധ്യരേഖാപ്രദേശത്ത് ധ്രുവപ്രദേശങ്ങളെ അപേക്ഷിച്ച് ഓസോൺ പാളിയുടെ കട്ടി കൂടുതലായിരിക്കും. സൂര്യപ്രകാശം സുലഭമായി ലഭിക്കുന്ന പ്രദേശങ്ങളിലാണ് ഓസോൺ ഉൽപ്പാദനവും കൂടുതലായി നടക്കുന്നത്. സൗരവികിരണങ്ങൾ ഓസോൺ തന്മാത്രകളെ വിഘടിപ്പിക്കുന്നതിനൊപ്പം ഓക്സിജൻ തന്മാത്രകളുമായി പ്രതിപ്രവർത്തിച്ച് ഓസോൺ തന്മാത്രകൾ സൃഷ്ടിക്കുകയും ചെയ്യും. സ്വാഭാവികമായുണ്ടാകുന്ന ഈ ചാക്രിക പ്രവർത്തനത്തിന്റെ താളം തെറ്റിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ മനുഷ്യപ്രവർത്തനങ്ങൾ കൊണ്ട് ഉണ്ടാകുമ്പോഴാണ് ഓസോൺ തുളകൾ പോലെയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കു കാരണമാകുന്നത്.

അൾട്രാവയലറ്റ് വികിരണങ്ങൾ മൂന്നു തരമുണ്ടെന്നു പറഞ്ഞല്ലോ. അൾട്രവയലറ്റ് വേവ് ബാൻഡിൽ തന്നെയുള്ള താരതമ്യേന കുറഞ്ഞ തരംഗദൈർഘ്യവും ഉയർന്ന ഊർജ്ജനിലയുമുള്ള യു.വി.-സി വികിരണങ്ങളാണ്. അന്തരീക്ഷ ഓക്സിജനുമായി പ്രതിപ്രവർത്തിച്ച് ഓസോൺ നിർമിക്കുന്നത്. ഈ വികിരണങ്ങൾ ഭൗമോപരിതലത്തിലെത്തിയാൽ അത് ഭൗമജീവന് ഹാനികരമാണ്. ഭൗമാന്തരീക്ഷത്തിൽ 35 കിലോമീറ്റർ ഉയരത്തിൽ വെച്ചു തന്നെ ഓസോൺ പാളി ഈ കിരണങ്ങളെ ആഗിരണം ചെയ്യും. അൾട്രാവയലറ്റ്-ബി കിരണങ്ങൾ തൊലിപ്പുറത്തുണ്ടാവുന്ന ക്യാൻസറിനും ജനിതക വൈകല്യങ്ങൾക്കും കാരണമാകുന്നുണ്ട്. തരംഗദൈർഘ്യം കൂടിയ അൾട്രവയലറ്റ്-എ വികിരണങ്ങൾ സാധാരണയായി ഓസോൺ തന്മാത്രകളുമായി പ്രതിപ്രവർത്തനത്തിൽ ഏർപ്പെടാറില്ല. ഇവയുടെ ഉയർന്ന തരംഗദൈർഘ്യം തടസ്സങ്ങളെ മറികടക്കാൻ സഹായിക്കുന്നുണ്ട്. ഭാഗ്യവശാൽ യു.വി.എ കിരണങ്ങൾ ഭൗമജീവന് ഹാനികരമല്ല. ഓസോൺ പാളിയിൽ വിള്ളലുണ്ടാകുമ്പോൾ ഭൗമോപരിതലത്തിൽ എത്തിച്ചേരുന്ന അൾട്രവയലറ്റ്-ബി വികിരണങ്ങളാണ് ജീവന് ഹാനികരമാകുന്നത്.

1985 ലാണ് അന്റാർട്ടിക്കയ്ക്കു മുകളിലുള്ള ഓസോൺ തുള ആദ്യമായി കണ്ടെത്തിയത്. നിംബസ്-7 എന്ന കൃത്രിമ ഉപഗ്രഹത്തിന്റെ സഹായത്തോടെ



ബ്രിട്ടീഷ് അന്റാർട്ടിക് സർവെ ശാസ്ത്രജ്ഞരായ ഫാർമൻ, ഗാർഡിനർ, ഷാൻക്ലിൻ എന്നിവരാണ് ഈ കണ്ടുപിടുത്തം നടത്തിയത്. ഇവരുടെ ഗവേഷണ റിപ്പോർട്ട് 1985 മേയ് മാസത്തിൽ നേച്ചർ മാഗസിനിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതേത്തുടർന്ന് ഓസോൺ തുളകൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. ടോംസ് (Total Ozone Mapping Spectrometer) ഉപഗ്രഹം ഓസോൺ തുളകൾ ഉണ്ടാകാനിടയുള്ള മേഖലകൾ നിരീക്ഷിച്ചുവരികയാണ്. എല്ലാ വസന്തകാലത്തും അന്റാർട്ടിക്കയ്ക്കു മുകളിലുള്ള ഓസോൺ തുള വിസ്തൃതമാകുന്നുവെന്നത് കൗതുകകരമാണ്.

അൾട്രാവയലറ്റ് വികിരണങ്ങൾ തുടർച്ചയായി പതിക്കുന്നത് ശരീരകോശങ്ങൾക്കും മൃദുവായ കലകൾക്കും കേടുപാടുകളുണ്ടാക്കും. ജനിതക വൈകല്യങ്ങൾക്കും തിമിരം, ശ്വാസകോശരോഗങ്ങൾ, സ്കിൻ ക്യാൻസർ, മറ്റു പകർച്ചവ്യാധികൾ എന്നിവ വർധിക്കുന്നതിനും ഇടയാക്കും. ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ സംവിധാനം താറുമാറാക്കുന്ന ഈ വികിരണങ്ങൾ കാലാവസ്ഥാവ്യതിയാനത്തിനും ആഗോളതാപനത്തിനും പരോക്ഷമായി സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. കാർഷിക മേഖല പരിഗണിച്ചാൽ ഈ വികിരണങ്ങൾ പ്രകാശ സംശ്ലേഷണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയും തന്മൂലം വിളവ് കുറയുകയും ചെയ്യും. സസ്യപ്ലവകങ്ങളെ നേരിട്ടാക്രമിക്കുന്നതുകൊണ്ട് ഭക്ഷ്യശൃംഖലയിലെ ആദ്യത്തെ കണ്ണിതന്നെ തകരുന്നതിനും ഈ വികിരണങ്ങൾ കാരണമാകുന്നുണ്ട്. അൾട്രാവയലറ്റ് വികിരണങ്ങളുടെ ആക്രമണം സസ്യങ്ങളുടെ കാർബൺ ഡയോക്സൈഡ് ആഗിരണശേഷിയെ പ്രതികൂലമായി ബാധിക്കും. ഇക്കാരണത്താൽ അന്തരീക്ഷത്തിലെ ഓക്സിജൻ-കാർബൺഡയോക്സൈഡ് അനുപാതം വ്യത്യാസപ്പെടുന്നതിനും അന്തരീക്ഷ താപനിലയിൽ വർധനവുണ്ടാകുന്നതിനും അതേത്തുടർന്നുണ്ടാകുന്ന പരിസ്ഥിതി ദുരന്തങ്ങൾക്കും കാരണമാകും. ഭൗമോപരിതലത്തിൽ 70 ശതമാനത്തിലേറെയുള്ള സമുദ്രങ്ങളിലാണ് അൾട്രാവയലറ്റ് വികിരണങ്ങളുടെ ആക്രമണം ഏറ്റവും തീവ്രമാകുന്നത്. റഫ്രിജറേറ്ററുകൾ, എയർകണ്ടീഷനറുകൾ, ഫൈബർഫോം, എയ്റോസോൾ സ്പ്രേകൾ പലതരം സൗന്ദര്യ വർധക



വസ്തുക്കൾ, ഫാസ്റ്റ് ഫുഡ് കാർട്ടണുകൾ, ആസ്ത്മ മരുന്നുകൾ, നെയിൽ പോളീഷുകൾ എന്നിവയിലെല്ലാം ഓസോൺ പാളിയെ തകരാറിലാക്കുന്ന ക്ലോറോ ഫ്ളൂറോ കാർബണുകൾ പോലെയുള്ള രാസവസ്തുക്കൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. വികസിത രാഷ്ട്രങ്ങൾ സി.എഫ്.സി. ഉൽപ്പാദനവും ഉപയോഗവും അവസാനിപ്പിച്ചുവെങ്കിലും അതിന്റെ ഫലമറിയണമെങ്കിൽ ഇനിയുമൊരു നൂറു വർഷം കഴിയേണ്ടിവരും. സി.എഫ്. സി.-ക്കു പകരം അത്തരം രാജ്യങ്ങളിൽ ഉപയോഗിക്കുന്ന ഹൈഡ്രജൻ ബന്ധനമുള്ള കാർബൺ സംയുക്തങ്ങൾ സി. എഫ്. സി.-യെ അപേക്ഷിച്ച് അപകടസാധ്യത കുറവുള്ളതാണെയങ്കിലും പൂർണമായി സുരക്ഷിതമാണെന്ന് അർഥമില്ല. 2030 ഓടെ എച്ച് സി എഫ് സി ഉൽപ്പാദനവും പൂർണമായി അവസാനിപ്പിക്കണമെന്ന് ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗം വികസിത രാഷ്ട്രങ്ങളോട് നിർദേശിച്ചിട്ടുണ്ട്.

യു.എസ്.ലെയും കാനഡ, നോർവേ എന്നീ രാജ്യങ്ങളിലെയും കാലാവസ്ഥാ ശാസ്ത്രജ്ഞർ 1978 ൽ നടത്തിയ പഠനത്തിൽ ക്ലോറോ ഫ്ളൂറോ കാർബൺ അടങ്ങിയ എയ്റോസോൾ സ്പ്രേകൾ ഓസോൺ പാളിയെ ക്ഷയിപ്പിക്കുമെന്ന് കണ്ടെത്തി. എന്നാൽ യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും ഇത്തരം രാസവസ്തുക്കളുടെ ഉൽപ്പാദനത്തിലും ഉപയോഗത്തിലും നിയന്ത്രണ മേർപ്പെടുത്തിയില്ല. 1985 ൽ അന്റാർട്ടിക്കയ്ക്ക് മുകളിൽ ഓസോൺ ദ്വാരം കണ്ടെത്തിയതോടെയാണ് സംഭവത്തിന്റെ ഗൗരവം ഭരണാധികാരികൾക്കു ബോധ്യമാകുന്നത്. 1987 സെപ്തംബർ 16 ന് കാനഡയിലെ മോൺട്രിയലിൽ വച്ച് 24 ലോകരാഷ്ട്രങ്ങളുടെ പ്രതിനിധികൾ ചേർന്ന് ഒരു ഉടമ്പടി രൂപീകരിച്ചു. മോൺട്രിയലിൽ പെരുമാറ്റച്ചട്ടം എന്നറിയപ്പെടുന്ന ഈ ഉടമ്പടിയനുസരിച്ച് ക്ലോറോഫ്ളൂറോ കാർബണിന്റെ ഉൽപ്പാദനം പടിപടിയായി കുറച്ചുകൊണ്ടുവന്ന് 1996 ആകുമ്പോഴേക്കും പൂർണമായി നിർത്താൻ തീരുമാനിച്ചു. 160 ൽപ്പരം രാജ്യങ്ങൾ ഇന്ന് ഈ ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുണ്ട്. സിഎഫ്സി ഉൽപ്പാദനം പൂർണമായി നിർത്തലാക്കാൻ കഴിഞ്ഞില്ലെങ്കിലും ഉൽപ്പാദനത്തിലും ഉപയോഗത്തിലും ഗണ്യമായ കുറവുവന്നിട്ടുണ്ട്. അതിന്റെ ഫലവും ആശ്വാസകരമാണ്. ഓസോൺ പാളിക്കുണ്ടായ നാശത്തിന്റെ തോതും



കുറഞ്ഞുവരുന്നുണ്ട്. 1987 ൽ മോൺട്രിയൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നെങ്കിലും 1995 സെപ്തംബർ 16 മുതലാണ് ലോകവ്യാപകമായ ഓസോൺ ദിനാചരണം ആരംഭിക്കുന്നത്. 1992 സെപ്തംബർ 17 മുതൽ ഇന്ത്യയും മോൺട്രിയൽ പ്രോട്ടോകോളിന്റെ ഭാഗമായി.

ഓസോൺ പാളിക്കുണ്ടാകുന്ന നാശം ആഗോള കാലാവസ്ഥാ വ്യതിയാനത്തിന് പരോക്ഷമായി കാരണമാകുന്നുണ്ട്. കാർബൺ ഡയോക്സൈഡ്, മീഥേയ്ൻ, നീരാവി തുടങ്ങിയ ഹരിതഗൃഹ വാതകങ്ങളുടെ ഉത്സർജനം അന്തരീക്ഷ പാളിയായ ട്രോപ്പോസ്ഫിയറിന്റെ ഊഷ്മാവിൽ വർധനവുണ്ടാക്കും. ഇതിന് ആനുപാതികമായി ട്രോപ്പോസ്ഫിയറിന്റെ താപനിലയും ഓസോൺ വിഘടനവുമായി നേരിട്ടു ബന്ധമുണ്ട്. താപനില കുറയുമ്പോൾ അൾട്രാവയലറ്റ് വികിരണങ്ങളുടെ ആക്രമണം കൂടുതൽ തീവ്രമാകും. ഇത് വലിയ തോതിൽ ഓസോൺ തുളകൾ സൃഷ്ടിക്കുന്നതിന് ഇടയാക്കും. സ്ട്രാറ്റോസ്ഫിയർ തണുക്കുന്നതോടെ സൗരവികിരണങ്ങളെ ആഗിരണം ചെയ്യാനുള്ള അതിന്റെ കഴിവ് കുറയും. അതോടെ അപകടകാരികളായ വികിരണങ്ങൾ വലിയ തടസ്സമൊന്നുമില്ലാതെ ഭൗമോപരിതലത്തിലെത്തും. ഇത് കാർഷിക-ജൈവ മേഖലകളുടെ തകർച്ചയ്ക്കും ആഗോള താപവർധനവിനും കാലാവസ്ഥാ വ്യതിയാനത്തിനും കാരണമാകും.

1981 മുതൽ യുഎൻഇപിയും ഡബ്ല്യൂഎംഒയും സംയുക്തമായി ഓസോൺ പാളിയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ സസൂക്ഷമം നിരീക്ഷിക്കുന്നുണ്ട്. കൃത്രിമ ഉപഗ്രഹങ്ങളുടെ സഹായത്തോടെയാണ് നിരീക്ഷണം നടത്തുന്നത്. 2007 ൽ പുറത്തുവിട്ട റിപ്പോർട്ടനുസരിച്ച് അന്റാർട്ടിക്കയ്ക്ക് മുകളിലുള്ള ഓസോൺ ദ്വാരം ക്രമേണ അടഞ്ഞു വരുന്നതായി കാണുന്നുണ്ട്. എന്നാൽ 2010ൽ പുറത്തിറക്കിയ റിപ്പോർട്ടിൽ ഓസോൺ തുളയ്ക്ക് മാറ്റമൊന്നുമില്ലാതെ നിൽക്കുന്നതായാണ് കണ്ടെത്തിയത്. കുറയുന്നുമില്ല, വലുതാകുന്നുമില്ല. 2012 സെപ്തംബർ 22 ന് അന്റാർട്ടിക്കയ്ക്ക് മുകളിലെ ഓസോൺ തുള 921.2 മില്യൺ ചതുരശ്ര കിലോമീറ്റർ ഭാഗത്ത് വ്യാപിച്ചതായി കണ്ടെത്തി. ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന അളവാണിത്. എന്നാൽ, ഉഷ്ണകാലമായപ്പോഴേക്കും ഇത് 17.9 മില്യൺ



ചതുരശ്ര കിലോമീറ്ററായി ചുരുങ്ങുകയും ചെയ്തു. ദശാബ്ദത്തിലെ ഏറ്റവും ചെറിയ അളവും ഇതുതന്നെയാണ്.

അന്റാർട്ടിക്കയുടെ മുകളിൽ മാത്രമല്ല ഓസോൺ പാളിക്ക് ഭീഷണിയുള്ളത്. 2011 ഓക്ടോബർ രണ്ടിന് നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ച പഠനറിപ്പോർട്ട് അനുസരിച്ച് ഉത്തരാർധഗോളത്തിലും ഓസോൺ പാളി ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആർട്ടിക് മേഖലയ്ക്ക് 20 കിലോമീറ്റർ ഉയരത്തിൽ ഓസോൺ പാളിയുടെ സാന്ദ്രത ചുറ്റുപാടുകളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ നില തുടർന്നാൽ അധികം വൈകാതെ അവിടെയും ഓസോൺ തുള പ്രത്യക്ഷപ്പെടും. കിഴക്കൻ യൂറോപ്പ്, സ്കാൻഡനേവിയ, സൈബീരിയ മേഖലകളും ഓസോൺ തുളയുടെ ഭീഷണിയിലാണുള്ളത്. ഓറ, കാലിപ്സോ എന്നീ കൃത്രിമ ഉപഗ്രഹങ്ങളാണ് ആർട്ടിക് പ്രദേശത്തെ ഓസോൺ പാളിയിലുണ്ടായിക്കൊണ്ടിരിക്കുന്ന വിള്ളൽ കണ്ടെത്തിയത്. 2006 ൽ ടിബറ്റിന് മുകളിൽ 2.5 മില്യൺ ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഒരു ഓസോൺ ദ്വാരം കണ്ടെത്തിയിട്ടുണ്ട്. സിൻജിയാങ്, ക്വിൻഗ്വായ്, ഹിന്ദുക്കുഷ് മേഖലകളിലേക്ക് ഈ ഓസോൺ തുള വ്യാപിച്ചതായി 2011 ൽ പുറത്തിറക്കിയ ഉപഗ്രഹനിരീക്ഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അന്റാർട്ടിക്, ആർട്ടിക് മേഖലകളിൽ നടക്കുന്നത്ര വേഗത്തിൽ ഈ മേഖലയിൽ ഓസോൺ വിഘടനം നടക്കുന്നില്ലെന്നത് ആശ്വാസകരമാണ്.

പ്രാപഞ്ചിക പ്രതിഭാസങ്ങൾ വഴി ഓസോൺ പാളിക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയാൻ കഴിയുന്ന സാങ്കേതികവിദ്യ ഇന്ന് വികസിപ്പിച്ചിട്ടില്ല. എന്നാൽ മനുഷ്യന്റെ അമിതമായ ഉപഭോഗാസക്തി നിയന്ത്രിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെയെങ്കിലും ഭൂമിയുടെ ഈ മാന്ത്രികപ്പുതപ്പിനെ സംരക്ഷിക്കാൻ കഴിയും. റെഫ്രിജറേഷനിങ്ങിൽ സിഎഫ്സി ഉപയോഗം കുറച്ചെങ്കിലും എയർകണ്ടീഷണറുകളിലും ഫാസ്റ്റ് ഫുഡ് കാർട്ടണുകളിലും നെയിൽ പോളീഷുകൾ ഉൾപ്പെടെയുള്ള സൗന്ദര്യവർധക വസ്തുക്കളിലും ഇപ്പോഴും ഒരു നിയന്ത്രണവുമില്ലാതെ സിഎഫ്സി ഉപയോഗിക്കുന്നുണ്ട്. ഓസോൺ സൗഹൃദപരമായുള്ള ഉൽപ്പന്നങ്ങൾ മാത്രമേ നിർമ്മിക്കാവൂ എന്ന് വൻകിട



നിർമാതാക്കളോട് ഭരണകൂടങ്ങൾ നിർദ്ദേശിക്കണം. അതോടൊപ്പം അത്തരം ഉൽപ്പന്നങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് ഉപഭോക്താക്കളെ ബോധവൽക്കരിക്കുകയും വേണം. എയർ കണ്ടീഷണറുകളുടെയും റെഫ്രിജറേറ്ററുകളുടെയും ഉപയോഗം പരമാവധി കുറയ്ക്കുക, കാലഹരണപ്പെട്ട ഉപകരണങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗിക്കാതെ ഊർജ്ജക്ഷമതയുള്ള പുതിയ ഉപകരണങ്ങൾ ഉപയോഗിക്കുക, വാഹനങ്ങളുടെ എയർകണ്ടീഷണറുകൾ പതിവായി പരിശോധിച്ച് ലീക്കുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുക എന്നിവയെല്ലാം ഭാവിയിലേക്കുള്ള മുൻകരുതലുകളാണ്. ഹാലോണുകൾ ഉപയോഗിക്കുന്ന അഗ്നിശമന ഉപകരണങ്ങൾക്കു പകരം കാർബൺ ഡയോക്സൈഡ്, ഫോം എന്നിവ ഉപയോഗിക്കുന്ന എക്സ്റ്റിൻഗുഷറുകൾ ശീലിക്കുക, വിദ്യാലയങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും ബോധവത്കരണം നടത്തുക, പ്രദേശികമായി ഓസോൺ കൂട്ടായ്മ സംഘടിപ്പിക്കുക, അമിതമായ വിഭവചൂഷണം അവസാനിപ്പിക്കുക തുടങ്ങിയ നടപടികളും ഭാവിയിലെ സുരക്ഷിതത്വത്തിന് ഇന്ന് സ്വീകരിക്കാൻ കഴിയുന്ന നടപടികളാണ്. ബ്രോമിൻ അടങ്ങിയ മീഥൈൽ ബ്രോമൈഡ് കീടനാശിനികളുടെ ഉൽപ്പാദനം നിരോധിക്കുകയും വിപണിയിൽ നിന്ന് നീക്കം ചെയ്യുകയും വേണം. പരമ്പരാഗത പരുത്തിക്കിടക്കകളും പരുത്തി ഉൽപ്പന്നങ്ങളും പ്രോത്സാഹിപ്പിക്കണം. ഫോം കിടക്കകളുടെയും സ്റ്റൈറോഫോം പാത്രങ്ങളുടെയും നിർമാണത്തിൽ ഓസോണിന് ഹാനികരമായ നിരവധി രാസവസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്. ജൈവ കീടനാശിനികളുടെ ഉൽപ്പാദനം വർധിപ്പിക്കുകയും അവ ഉപയോഗിക്കുന്നതിന് കർഷകരെ ബോധവത്കരിക്കുകയും വേണം. സി.എഫ്.സി.-ക്കു പകരമുള്ള സാങ്കേതികവിദ്യ വികസിപ്പിക്കേണ്ടതും ദരിദ്രരാജ്യങ്ങളെ ഇതിനു സഹായിക്കേണ്ടതും അടിയന്തര പ്രാധാന്യമുള്ള കാര്യമാണ്.

പ്രകൃതിയിൽ സ്വാഭാവികമായുണ്ടാകുന്ന മാറ്റങ്ങളാണ് ഓസോൺ പാളിയെ തകർക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്നതെന്ന് കരുതുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. മനുഷ്യന്റെ ഇടപെടലുകൾകൊണ്ട് ഇത്തരം പ്രതിഭാസങ്ങളിൽ മാറ്റമൊന്നും വരുത്താൻ കഴിയില്ലെന്നാണ് അവരുടെ വാദം.



അതിലേറ്റവും പ്രധാനം ക്ലോറോ ഫ്ളൂറോ കാർബണിന്റെ ഭാരത്തെ സംബന്ധിച്ചുള്ളതാണ്. നൈട്രജനെക്കാളും ഓക്സിജനെക്കാളും ഭാരമുള്ള സിഎഫ്സി തന്മാത്രകൾ ഒരിക്കലും സ്ട്രാറ്റോസ്ഫിയറിൽ എത്തിച്ചേരില്ലെന്നാണ് ഇക്കൂട്ടർ പറയുന്നത്. എന്നാൽ അന്തരീക്ഷ വാതകങ്ങൾ അവയുടെ തന്മാത്രാഭാരത്തിനനുസരിച്ച് അടുക്കിവച്ചിരിക്കുകയൊന്നുമല്ല. വാതകപ്രവാഹം കാരണം അവ പരസ്പരം ഇടകലർന്നാണ് കാണപ്പെടുന്നത്. അതുകൊണ്ടുതന്നെ ട്രോപ്പോസ്ഫിയറിൽ എല്ലായിടത്തും സിഎഫ്സി തന്മാത്രകളുണ്ടാകും. അവിടെ നിന്ന് സ്ട്രറ്റോസ്ഫിയറിൽ എത്തിച്ചേരുകയും ചെയ്യും. മറ്റൊരു തെറ്റിദ്ധാരണ ക്ലോറിനുമായി ബന്ധപ്പെട്ടുള്ളതാണ്. സമുദ്രജലം ബാഷ്പീകരിക്കുമ്പോൾ സ്ട്രാറ്റോസ്ഫിയറിലെത്തുന്ന ക്ലോറിന്റെ അളവ് മനുഷ്യനിർമിത ക്ലോറിന്റെ അളവിന്റെ അഞ്ചുമടങ്ങാണ്. അതുകൊണ്ടുതന്നെ മനുഷ്യപ്രവർത്തനങ്ങൾ ഓസോൺ പാളിയെ ക്ഷയിപ്പിക്കുമെന്നുപറയുന്നതിൽ അർഥമൊന്നുമില്ല. എന്നാൽ ഈ വാദവും ശാസ്ത്രീയമല്ല. സമുദ്രജലത്തിൽ നിന്ന് ബാഷ്പീകരിക്കപ്പെടുന്ന ക്ലോറിൻ ജലത്തിൽ ലയിച്ചുചേരാൻ കഴിവുള്ളതാണ്. മഴ പെയ്യുമ്പോൾ ഇതു ഭൂമിയിലേക്കുതന്നെ തിരിച്ചെത്തും സ്ട്രാറ്റേസ്ഫിയറിലേക്ക് പ്രവേശിക്കില്ല എന്നാൽ മനുഷ്യനിർമ്മിത ക്ലോറോഫ്ളൂറോ കാർബണുകൾ ജലത്തിൽ ലയിക്കാത്തതും അധികകാലം മാറ്റമൊന്നും കൂടാതെ നിലനിൽക്കുന്നതുമാണ്. ഇവ അനായാസം സ്ട്രാറ്റോസ്ഫിയറിൽ എത്തിച്ചേരും. അഗ്നിപർവത സ്ഫോടനങ്ങളിൽ പുറന്തെള്ളപ്പെടുന്ന മീഥൈൽ ക്ലോറൈഡ് മാത്രമാണ് സ്വാഭാവിക മാർഗത്തിലൂടെ അന്തരീക്ഷത്തിലെത്തുന്ന ക്ലോറിൻ സംയുക്തങ്ങളിൽ ഓസോൺ പാളിക്ക് ഹാനികരമായിട്ടുള്ളത്. സ്ട്രാറ്റോസ്ഫിയറിൽ എത്തിച്ചേരുന്ന ക്ലോറിന്റെ തോത് പരിഗണിച്ചാൽ ഇതിൽ 80 ശതമാനവും മനുഷ്യനിർമിതമാണെന്നു കാണാൻ കഴിയും.

തലമുറകൾ കൈമാറിവന്ന ഈ ഭൂമിയും അതിലെ വിഭവങ്ങളും മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങൾക്കും ഒരു പോലെ അവകാശപ്പെട്ടതാണ്. അവ ഇനി വരുംതലമുറകൾക്ക് കൈമാറാനുള്ളതാണ്. എന്നാൽ മനുഷ്യന്റെ മാത്രം ഉപഭോഗാസക്തിയും അതിരുകടന്ന ആഡംബര ഭ്രമവും ഈ ഗ്രഹത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്.



ദിനാചരണങ്ങളല്ല നിലപാടുകളാണ് പ്രധാനം. പ്രദേശിക, സാമുദായിക, രാഷ്ട്രീയ അതിർവരമ്പുകളില്ലാതെ ഒരുമിച്ചുള്ള പ്രവർത്തനമാണ് ഉണ്ടാകേണ്ടത്. ചർച്ചകളും സംവാദങ്ങളും മാത്രം പോരാ, ശക്തമായ നടപടികളും ആവശ്യമാണ്. പ്രാപഞ്ചിക പ്രതിഭാസങ്ങൾ മൂലമുണ്ടാകുന്ന ഓസോൺ ക്ഷയം തടയാൻ കഴിയുന്ന സാങ്കേതിക വിദ്യ ഇന്ന് അന്യമാണ്. എന്നാൽ മനുഷ്യന്റെ ഉപഭോഗാസക്തി നിയന്ത്രിക്കാൻ കഴിഞ്ഞാൽ അതൊരു വലിയ ചുവടുവയ്പായിരിക്കും. മനുഷ്യന്റെ അമിത ഉപഭോഗവും ആഡംബരഭ്രമവും ഈ ഗ്രഹത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന തരത്തിലാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഒരു ആഘോഷമെന്നതിലുപരി ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ ഈ ഓസോൺ ദിനാചരണം ഒരു ദിശാസൂചകമായി ഏറ്റെടുക്കാൻ എല്ലാവരും തയ്യാറാകണം.

**ദേശാഭിമാനി വാരിക,**

**23 സെപ്തംബർ 2018**

FOCUS



# Dimensions of the Indian Labour Market

**Pravin Srivastava**

